പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7

12.01.2021 -ൽ മറുപടിക്ക്

## കോവിഡ് കാലത്ത് ഭക്ഷ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം

ചോദ്യം

**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. ആർ.രാജേഷ്**
**ശ്രീ. എം. മുകേഷ്**
**ശ്രീ. ജെയിംസ് മാത്യു**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) സംസ്ഥാനത്ത് ഒരാളും പട്ടിണികിടക്കരുത് എന്ന പ്രഖ്യാപിത ലക്ഷ്യം നേടാൻ കോവിഡ് ദുരിത കാലത്ത് ഭക്ഷ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനം വിശദമാക്കാമോ ; | (എ) കോവിഡ് – 19 മായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന തലത്തിൽ കോവിഡ് 19 സെൽ, ജില്ലാ തലത്തിൽ കൺട്രോൾ റൂം എന്നിവ ആരംഭിച്ചു. ഭക്ഷ്യ ധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് പൊതു വിപണിയിൽ ഗണ്യമായ പരിശോധനകൾ നടത്തുകയും അതുവഴി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുവാനും സാധിച്ചു. 2020 ഏപ്രിൽ മാസം, AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ടി മാസത്തെ റേഷൻ വിഹിതം പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുകയും NP(S), NP(NS) വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 15 കിലോ അരി സൗജന്യമായി നൽകുകയും ചെയ്തു. കൂടാതെ റേഷൻ കാർഡില്ലാത്ത കുടുംബങ്ങൾക്കും 15 കിലോ അരി വീതം വിതരണം ചെയ്തു. അതോടൊപ്പം തൊഴിൽ നഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ നല്കുകയും കോവിഡ് 19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് അവശ്യ സാധനങ്ങൾ അടങ്ങിയ അതിജീവനകിറ്റ് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും സ്കീം വ്യത്യാസമില്ലാതെ സൗജന്യമായി വിതരണവും നടത്തി. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും ഓണം സ്പെഷ്യൽ കിറ്റ് എന്ന പേരിൽ അവശ്യസാധനങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു. കൂടാതെ കേന്ദ്ര സർക്കാർ പദ്ധതിയായ PMGKAY പ്രകാരം മുൻഗണനാ കാർഡുടമകൾക്കും ആത്മ നിർഭർ ഭാരത് പ്രകാരം അതിഥി തൊഴിലാളികൾക്കും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുവാൻ സാധിച്ചു. ലോക് ഡൗൺ കാലത്ത് അവശ്യ സാധനങ്ങൾ തടസ്സം കൂടാതെ എത്തിക്കുന്നതിനാവശ്യമായ എല്ലാ |

സൗകര്യങ്ങളും ജില്ലാ കളക്ടർമാരുടെ സഹായത്തോടെ എർപ്പെടുത്തിയിരുന്നു. 2020 സെപ്തംബർ മുതൽ ഡിസംബർ മാസം വരെ സംസ്ഥാനത്തെ എല്ലാ കാർഡുമകൾക്കും അവശ്യസാധനങ്ങൾ അടങ്ങിയ സ്പെഷ്യൽ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സർക്കാർ അംഗീകൃതവും അല്ലാത്തതുമായ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 4 അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചൺ മുഖേന പാചകം ചെയ്ത ഭക്ഷ്യ സാധനങ്ങൾ നല്കുകയും ഇവയ്ക്ക് അരി ഭക്ഷ്യ വകുപ്പ് നല്കുകയും ഉണ്ടായി.

റേഷൻ സാധനങ്ങളുടെ വിതരണം തടസ്സപ്പെടാത്ത രീതിയിൽ എല്ലാ റേഷൻ ഡിപ്പോകളും കോവിഡ് 19 മാനദണ്ഡങ്ങൾ പ്രകാരം തുറന്നു പ്രവർത്തിക്കുകയും സംസ്ഥാനത്തെ എല്ലാ സപ്ലൈ ആഫീസുകളും NFSA ഗോഡൗണുകളും അവധി ദിവസങ്ങൾ ഉൾപ്പെടെ തുറന്നു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അടച്ചു പൂട്ടൽ കാലത്ത് 11 സംസ്ഥാനങ്ങളിലെ 45 ശതമാനം ആളുകൾ കടം വാങ്ങി ഭക്ഷണം കഴിക്കാൻ വഴി കണ്ടെത്തേണ്ടി വന്ന സ്ഥിതി സംസ്ഥാനത്തുണ്ടാകില്ലെന്ന് ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ ഇടപെടൽ നടത്തിയപ്പോൾ സംസ്ഥാനത്തെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ സൗജന്യ റേഷൻ വിതരണം തടയാൻ ശ്രമം നടത്തിയിരുന്നോ; വിശദമാക്കാമോ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ ഒരാൾക്കും നഷ്ടപ്പെടാതിരിക്കാൻ റേഷൻ കാർഡില്ലാത്തവർക്ക് അത് അടിയന്തരമായി നൽകാൻ വേണ്ട നടപടിയെടുത്തിരുന്നോ ;

(സി) റേഷൻ കാർഡില്ലാത്തതിനാൽ കോവിഡ് 19- ന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ അർഹരായ പല കുടുംബങ്ങൾക്കും ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടതിനാൽ അടിയന്തിരമായി ടി കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ മുഖേനയും അല്ലാതെയും എല്ലാവർക്കും സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾ എത്തിക്കാൻ നടപടി സ്വീകരിച്ചു.

(ഡി) റേഷൻ കടകളിലൂടെയും സപ്ലൈകോ വഴിയും വിതരണം

(ഡി) ഓരോ മാസവും വിതരണത്തിനുമുൻപ് അതാത് മാസം എഫ്.സി.ഐ ൽ നിന്നും അലോട്ട് ചെയ്യുന്ന സ്റ്റോക്ക്,

| | |
|---|---|
| ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ ? | എഫ്.സി.ഐ അധികാരികളുടെ സാന്നിദ്ധ്യത്തിൽ ജില്ലാ സപ്ലൈ ആഫീസർ ചുമതലപ്പെടുത്തുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ, പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐ-യിലെയും, സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശന പരിശോധന നടത്തിയതിന് ശേഷമാണ് എഫ്.സി.ഐ യിൽ നിന്നും സി.എം.ആർ മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽ നിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻകടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേൻമ ബോദ്ധ്യപ്പെടേണ്ട ഉത്തരവാദിത്വം എ.ആർ.ഡി കൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന പക്ഷം ഗോഡൗണുകളുമായി ബന്ധപ്പെട്ട് മാറ്റി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്.<br>സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD, RAL, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ